(എ) തെരുവുനായ ശല്യം നിയന്ത്രിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ വരുന്നതാണ്. തെരുവുനായ്ക്കളെ വന്ധ്യംകരണം നടത്തി പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്ന പദ്ധതിയാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. തിരുവനന്തപുരം നഗരത്തിൽ തെരുവുനായ നിയന്ത്രണത്തിനായി കെ.എസ്.യു.ഡി.പി.-യുടെ ആഭിമുഖ്യത്തിൽ നഗരകാര്യ വകുപ്പും മൃഗസംരക്ഷണ വകുപ്പും ശ്രീ. സത്യസായി ഓർഫനേജ് ട്രസ്റ്റും സംയുക്തമായി നടപ്പാക്കിയ എ.ബി.സി.-എ.ആർ. പദ്ധതി ഫലപ്രദമായിട്ടുണ്ട്.

(ബി) വീടുകളിൽനിന്നും തട്ടുകടകളിൽ നിന്നുമുള്ള ഭക്ഷണാവശിഷ്ടങ്ങൾ തെരുവോരങ്ങളിൽ ഉപേക്ഷിക്കുന്ന പ്രവണത തെരുവുനായ്ക്കളുടെ വർദ്ധനവിന് കാരണമായിട്ടുണ്ട്.

(സി) തെരുവുനായ്ക്കൾ സൃഷ്ടിക്കുന്ന ഭീഷണികൾ നേരിടുന്നതിലേയ്ക്കായി വിവിധ വകുപ്പുകൾ ഏകോപിച്ച് പ്രവർത്തിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഭക്ഷണാവശിഷ്ടങ്ങളുടെയും മറ്റ് മാലിന്യങ്ങളുടെയും നിർമ്മാർജ്ജനം നടത്തപ്പെടുകയും മാലിന്യ സംസ്കരണത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം നടത്തുന്നതിനുള്ള നടപടികൾ കാര്യക്ഷമമായി നടന്നുവരുന്നു. കൂടാതെ താലൂക്ക് അടിസ്ഥാനത്തിൽ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

അധികാര വികേന്ദ്രീകരണം

9 (*129) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. എ. കെ. ബാലൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണം നടത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക-ആസൂത്രണ മേഖലകളിൽ എന്തെല്ലാം അധികാരങ്ങളാണ് വികേന്ദ്രീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ വരുത്തിയ മാറ്റം അധികാര വികേന്ദ്രീകരണത്തിനു സഹായിച്ചിട്ടുണ്ടോ ; എങ്കിൽ എങ്ങനെയെന്ന് വ്യക്തമാക്കാമോ ;

(ഡി) താഴെത്തട്ടിലേക്ക് അധികാര വികേന്ദ്രീകരണം നടത്തുന്നത് സംബന്ധിച്ചുള്ള നിലപാട് വ്യക്തമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന് ഉതകുംവിധത്തിലാണ് 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ തയ്യാറാക്കിയിരിക്കുന്നത്. പ്രാദേശിക ഭരണ സംവിധാനത്തെ ശാക്തീകരിക്കുന്നതിനും കൂടുതൽ ജനാധിപത്യവത്കരിക്കുന്നതിനും അധികാര വികേന്ദ്രീകരണം അർത്ഥപൂർണ്ണമാക്കുന്നതിനും ലക്ഷ്യമിട്ട് ഈ സർക്കാർ നടപ്പാക്കിയ സുപ്രധാന പദ്ധതിയാണ് 'സേവാഗ്രാം' എന്ന പേരിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എല്ലാ വാർഡുകളിലും ഗ്രാമ കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നത്. ജനാധിപത്യം കൂടുതൽ ആഴങ്ങളിലേയ്ക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ 2 വർഷങ്ങളായി ICODD എന്ന പേരിൽ അന്താരാഷ്ട്ര സെമിനാർ നടന്നുവരുന്നു.

അധികാര വികേന്ദ്രീകരണത്തിന്റെ സത്തയും സ്വാശ്രയ പഞ്ചായത്തുകളുടെ സന്ദേശവും ജനങ്ങളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഗ്രാമയാത്ര സംഘടിപ്പിച്ചു.

(ബി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടും പദ്ധതി ആസൂത്രണം പൂർണ്ണമായും തദ്ദേശവാസികളായ ജനങ്ങൾക്ക് നിശ്ചയിക്കാൻ കഴിയും പ്രകാരവുമാണ് പദ്ധതി ആസൂത്രണ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) ഉണ്ട്. പദ്ധതി മാർഗ്ഗരേഖയിൽ പ്രധാന നിർദ്ദേശമായിരുന്ന എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നത്. ആയത് വളരെ ഫലപ്രദമായി നടപ്പാക്കിവരുന്നു. ഇത് അധികാര വികേന്ദ്രീകരണത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നുണ്ട്.

(ഡി) അധികാര വികേന്ദ്രീകരണം അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. അതിനായി വാർഡ് വികസന സമിതികൾക്കും അയൽസഭകൾക്കും കൂടുതൽ ഉത്തരവാദിത്വങ്ങളും അധികാരങ്ങളും പകർന്നു നൽകുന്നതിനും പൗരശാക്തീകരണത്തിലൂടെ ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്നതിനുമുള്ള ശക്തമായ നടപടികൾക്ക് സർക്കാർ രൂപം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly